# ചിങ്ങോലി ഗ്രാമപഞ്ചായത്ത്

## ലേല പരസ്യം 2017–2018

മാന്യരേ,

ചിങ്ങോലി ഗ്രാമപഞ്ചായത്ത് 5–ാം വാർഡിലെ 66–ാം നമ്പർ അങ്കണവാടി കോമ്പൗണ്ടിൽ നിൽക്കുന്ന മരങ്ങൾ 08.03.2018 വ്യാഴാഴ്ച 12 മണിക്ക് പഞ്ചായത്താഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ നിശ്ചിത ഇനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം കെട്ടിവെച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുക ലേലം വിളിക്കുന്ന ആളുടെ പേരിൽ ലേലം താത്ക്കാലികമായി ഉറപ്പിക്കുന്നതും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലം ഉറപ്പിക്കുന്നവർ ലേല തുകയും നികുതിയും ഉൾപ്പടെയുള്ള തുക അന്നേ ദിവസം 3 മണിക്കുള്ളിൽ ആഫീസിൽ ഒടുക്കേണ്ടതാണ് സർക്കാർ ലേലത്തിനുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിന് ബാധകമാണ്. എന്തെങ്കിലും കാരണവശാൽ ലേലദിവസം പൊതു അവധി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്ത് അതേ സമയത്ത് ലേലം നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫിസിൽ നിന്നും അറിയാവുന്നതാണ്.

| ക്രമ നം | ഇനം | നിരത ദ്രവ്യം | വ്യവസ്ഥകൾ |
|---|---|---|---|
| 1 | 5–ാം വാർഡിലെ 66–ാം നമ്പർ അങ്കണവാടി കോമ്പൗണ്ടിൽ നിൽക്കുന്ന മാവ് | 5000 | തുക ഉടൻ അടയ്ക്കേണ്ടതാണ്. |
| 2 | 5–ാം വാർഡിലെ 66–ാം നമ്പർ അങ്കണവാടി കോമ്പൗണ്ടിൽ നിൽക്കുന്ന മാവ് | | |
| 3 | 5–ാം വാർഡിലെ 66–ാം നമ്പർ അങ്കണവാടി കോമ്പൗണ്ടിൽ നിൽക്കുന്ന ആഞ്ഞിലി | | |

ലേല നിബന്ധനകൾ

1. നിശ്ചിത നിരത ദ്രവ്യം കെട്ടി വയ്ക്കാത്തവർക്കും, പഞ്ചായത്തിൽ ഏതെങ്കിലും വിധത്തിലുള്ള കുടിശ്ശിക വരുത്തിയവർക്കും ലേലത്തിൽ പങ്കെടുക്കാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല.
2. ലേലം നിർത്തി വയ്ക്കുന്നതിനും മാറ്റി വയക്കുന്നതിനും സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്
3. ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് കിട്ടി 3 ദിവസത്തിനകം (200 രൂപ) മുദ്രപത്രത്തിൽ സ്വന്തം ചെലവിൽ എഗ്രിമെന്റ് വെയ്ക്കേണ്ടതാണ്
4. ലേലം പിടിക്കുന്ന ആൾ ബാധകമായ നികുതി കൂടി ലേല തുകയോടൊപ്പം അടയ്ക്കേണ്ടതാണ്.
5. ലേലം പിടിക്കുന്ന ആൾ ലേല തുകയും നികുതിയും ഒടുക്കുന്നത് കൂടാതെ പഞ്ചായത്ത് നിർദേശിക്കുന്ന പ്രകാരം മരങ്ങൾ സ്വന്തം ചെലവിവും ഉത്തരവാദിത്വത്തിലും മുറിച്ച് നീക്കം ചെയ്യേണ്ടതാണ്.

ചിങ്ങോലി

26.02.2018

സെക്രട്ടറി

ചിങ്ങോലി ഗ്രാമപഞ്ചായത്ത്